**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **23-02-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളിലെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില ധനകാര്യ സ്ഥാപനങ്ങൾ ആകർഷകമായ വ്യവസ്ഥകൾ നൽകി ജനങ്ങളിൽ നിന്നും പണം സ്വീകരിച്ച് തട്ടിപ്പുനടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനാരംഭത്തിൽ തന്നെ ഇവയെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമസംവിധാനം ഉണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ആക്ട് 2013 മായി സാമ്യമുള്ള കേന്ദ്ര ബഡ്സ് ആക്ട് 2019, 21.02.2019 ന് നിലവിൽ വന്നു. 12.02.2020 തീയതിയിലെ S.O No. 663(E) വിജ്ഞാപന പ്രകാരം സംസ്ഥാനങ്ങൾക്കെല്ലാം ബാധകമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ചട്ടവും നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ 7(1) വകുപ്പ് പ്രകാരം ആക്ട് നടപ്പാക്കുന്നതിനായി ശ്രീ.സഞ്ജയ്.എം.കൗൾ ഐ.എ.എസ്. നെ കോംപീറ്റന്റ് അതോറിറ്റിയായും, 7(2) വകുപ്പ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരേയും കോംപീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. ആക്ടിന്റെ സെക്ഷൻ 8 പ്രകാരം സംസ്ഥാനത്ത് 14 ഡെസിഗ്നേറ്റഡ് കോടതികൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആക്ടിന്റെ സെക്ഷൻ 38(1) പ്രകാരം കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീം ചട്ടം 2021, 25.11.2021 ന് നിലവിൽ വരികയും ആയത് 25.11.2021 ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനധികൃത നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത നിയമം/ചട്ടം എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അനധികൃതമായി നിക്ഷേപം | (സി) | ഉണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കേരള |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ആക്ട് 2013 മായി സാമ്യമുള്ള കേന്ദ്ര ബഡ്സ് ആക്ട് 2019, 21.02.2019 ന് നിലവിൽ വന്നു. 12.02.2020 തീയതിയിലെ S.O No. 663(E) വിജ്ഞാപന പ്രകാരം സംസ്ഥാനങ്ങൾക്കെല്ലാം ബാധകമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ചട്ടവും നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ 7(1) വകുപ്പ് പ്രകാരം ആക്ട് നടപ്പാക്കുന്നതിനായി ശ്രീ.സഞ്ജയ്.എം.കൗൾ ഐ.എ.എസ്. നെ കോംപീറ്റന്റ് അതോറിറ്റിയായും, 7(2) വകുപ്പ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരേയും കോംപീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. ആക്ടിന്റെ സെക്ഷൻ 8 പ്രകാരം സംസ്ഥാനത്ത് 14 ഡെസിഗ്നേറ്റഡ് കോടതികൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആക്ടിന്റെ സെക്ഷൻ 38(1) പ്രകാരം കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീം ചട്ടം 2021, 25.11.2021 ന് നിലവിൽ വരികയും ആയത് 25.11.2021 ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനധികൃത നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത നിയമം/ചട്ടം എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ